# Deepika

## 13 August 2018

## Kochi, After Flood, Relief Camps, Flood Victims



കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗ് വരുന്നതും പ്രതീക്ഷിച്ച് പറവൂർ എളന്തിക്കര ഗവ. എൽപി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ കാത്തിരിക്കുന്ന വീട്ടമ്മമാർ.

# ആകുലതകൾക്കുമീതെ ആശ്വാസവുമായി കേന്ദ്ര ആഭ്യന്തരമന്ത്രിയും മുഖ്യമന്ത്രിയും

**പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കുന്നതിനിടെ രാജ്നാഥ് സിംഗ് സന്ദർശിച്ച ഏക ദുരിതാശ്വാസ ക്യാമ്പായിരുന്നു എളന്തിക്കരയിലേത്**

**ബിജോ ടോമി**

**കൊച്ചി:** 'ദുരിതാശ്വാസ ക്യാമ്പിൽ ഞങ്ങൾ സുരക്ഷിതരാണ്. ഇവിടുത്തെ സർക്കാരും ജനപ്രതിനിധികളും എല്ലാ സഹായവും നൽകുന്നുണ്ട്. പക്ഷേ വീടു മുഴുവൻ വെള്ളത്തിലാണ്. മഴ കുറഞ്ഞാൽ തിരികെ വീടുകളിലേക്ക് മടങ്ങണം. വെള്ളവും ചെളിയും കയറി മുഴുവൻ നാശമായ അവസ്ഥയിലാകും. കൃഷിയും പൂർണമായി നശിച്ചിട്ടുണ്ടാകും. ഞങ്ങളെ സഹായിക്കണം' - പറവൂർ എളന്തിക്കര ഗവ. എൽ.പി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗ് എത്തിയപ്പോൾ കോഴിതുരുത്ത് ഇയ്യന്തറ വീട്ടിൽ വിജി കുമാരന്റെ പരിവേദനം ഇതായിരുന്നു. വിജിയുടെ മാത്രമല്ല, ഇവിടെ ക്യാമ്പിലുണ്ടായിരുന്ന 170 ഓളം കുടുംബങ്ങളുടേയും പ്രധാന ആകുലതയായിരുന്നു ഇത്. തിരികെയെത്തിയാലും വീടും പരിസരവും ശുചീകരിക്കുക എന്നത് വലിയ വെല്ലുവിളിയാണ്. പരാതികളും പരിഭവങ്ങളും കേട്ട രാജ്നാഥ് സിംഗ് ആരും പേടിക്കേണ്ടെന്നും നിങ്ങളുടെ ദുരിതം എനിക്ക് നേരിട്ടു ബോധ്യമായിട്ടുണ്ടെന്നും ആശ്വസിപ്പിച്ചു. മഴക്കെടുതിയും വെള്ളപ്പൊക്കവും നേരിടുന്നതിൽ സംസ്ഥാനസർക്കാരിന് കേന്ദ്ര സർക്കാരിന്റെ എല്ലാ പിന്തുണയും അദ്ദേഹം വാഗ്ദാനം ചെയ്തു. ഒപ്പമുണ്ടായിരുന്ന മുഖ്യമന്ത്രി പിണറായി വിജയനും ആശങ്ക വേണ്ടെന്ന് അറിയിച്ചു. മഴക്കെടുതി നേരിട്ടവർക്ക് എല്ലാവിധ പിന്തുണയുമായി സർക്കാർ കൂടെയുണ്ടെന്നും അദ്ദേഹം ഉറപ്പുനൽകി.

ചാലക്കുടിയാറും പെരിയാറും സംഗമിക്കുന്ന കണക്കൻ കടവിലാണ് കോഴിതുരുത്ത് എന്ന കൊച്ചു ഗ്രാമം. ഈ പ്രദേശത്തെ പുറം ലോകവുമായി ബന്ധിപ്പിക്കുന്നത് 35 വർഷം പഴക്കമുള്ള കോഴിതുരുത്ത് പാലമാണ്. പുഴയിൽ വെള്ളമുയരുമ്പോൾ പാലത്തിൽ വെള്ളം കയറും. കോഴിതുരുത്ത് ഒറ്റപ്പെടും. എന്തെങ്കിലും അപകടമുണ്ടായാൽ രക്ഷാ പ്രവർത്തകർക്ക് ഇവിടേക്ക് വരാൻ പോലും കഴിയില്ല. കോഴിത്തുരുത്ത് അമ്പലപ്പറമ്പിൽ ലക്ഷ്മി നടേശനാണ് ഒരു ഗ്രാമത്തിന്റെയാകെ ആകുലതകൾ പങ്കുവച്ചത്.

ക്യാമ്പിലുള്ളവരുടെ ആകുലതകൾ മുഴുവൻ രാജ്നാഥ് സിംഗ് ശ്രദ്ധാപൂർവം കേട്ടു. ഇടുക്കി, എറണാകുളം ജില്ലകളിലെ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കുന്നതിനിടെ രാജ്നാഥ് സിംഗ് സന്ദർശിച്ച ഏക ദുരിതാശ്വാസ ക്യാമ്പായിരുന്നു എളന്തിക്കര ഗവ. എൽപി സ്കൂളിലേത്. 4.10 ഓടെയാണ് അദ്ദേഹം ക്യാമ്പിലെത്തിയത്. 20 മിനിറ്റോളം അവിടെ ചെലവഴിച്ചു. രാജ്നാഥ് സിംഗിന്റെയും മുഖ്യമന്ത്രിയുടെയും വാക്കുകളെ കൈയടികളോടെയാണ് ക്യാമ്പിലുള്ളവർ സ്വീകരിച്ചത്.

രാജ്നാഥ് സിംഗിനൊപ്പം കേന്ദ്ര ടൂറിസം സഹ മന്ത്രി അൽഫോൺസ് കണ്ണന്താനം, സംസ്ഥാന മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, മാത്യു ടി. തോമസ്, വി. എസ്.സുനിൽകുമാർ, കെ.വി. തോമസ് എംപി, വി.ഡി.സതീശൻ എംഎൽഎ തുടങ്ങിയവരും ഉണ്ടായിരുന്നു. വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് നാലു ദിവസമായി എളന്തിക്കര കോഴിതുരുത്തിൽ ഉള്ളവർ ഗവ. എൽപി സ്കൂളിലെ ക്യാമ്പിലാണ്. 81 കുട്ടികളും 223 വനിതകളുമടക്കം 520 പേരാണ് ക്യാമ്പിലുള്ളത്.